**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5618** **08-07-2024 - ൽ മറുപടിയ്ക്ക്**

**ലൈസൻസുള്ള ആയുധങ്ങൾ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആയുധ ലൈസൻസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ ആയുധ ലൈസൻസ് ഉള്ളവരുടെയും പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ; | (ബി) | നിലവിൽ ആയുധ ലൈസൻസ് ഉള്ളവരുടെയും പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | ആയുധ ലൈസൻസ് ഉള്ളവരുടെ എണ്ണം | പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 486 | 26 |
| കൊല്ലം | 132 | 10 |
| പത്തനംതിട്ട | 196 | 32 |
| ആലപ്പുഴ | 172 | 38 |
| കോട്ടയം | 1562 | 77 |
| ഇടുക്കി | 453 | 31 |
| എറണാകുളം | 1278 | 52 |
| തൃശ്ശൂർ | 362 | 25 |
| പാലക്കാട് | 566 | 31 |
| മലപ്പുറം | 329 | 40 |
| വയനാട് | 160 | 26 |
| കോഴിക്കോട് | 539 | 11 |
| കണ്ണൂർ | 461 | 60 |
| കാസർഗോഡ് | 835 | 41 |

| | | | |
|---|---|---|---|
| (സി) | അപേക്ഷകർക്ക് ലൈസൻസ് കാലതാമസമില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പുതുതായി ആയുധ ലൈസൻ സ് അനുവദിക്കുന്നതിന് ട്രെയിനിംഗ് നിർബന്ധമാണ്. ആംസ് റൂൾ ചട്ടം 10(3) പ്രകാരം ആയുധ ട്രെയിനിംഗ് സംബന്ധിച്ച വിഷയത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. ചട്ടം 10 പ്രകാരം ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്നവർ ആംസ് & അമ്മ്യൂണിഷൻ കോഴ്സ് പാസ്സാകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന സംഗതി കേന്ദ്ര സർക്കാർ പരിശോധിച്ച് വരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇക്കാര്യത്തിൽ വിശദമായ പ്രോട്ടോകോൾ രൂപീകരിക്കുന്നതുവരെ Accredited Trainer/Master Accredited Trainer നൽകുന്ന പരിശീലന സർട്ടിഫിക്കറ്റ് പരിഗണിക്കാവുന്നതാണെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ഇക്കാര്യത്തിൽ തേടിയിട്ടുള്ള അഭിപ്രായം ലഭിക്കുന്ന മുറക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ലൈസൻസ് ഉള്ള ആയുധങ്ങൾ പോലീസ് സ്റ്റേഷനിലോ അംഗീകൃത സ്ഥാപനങ്ങളിലോ സൂക്ഷിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (ഡി) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വിജ്ഞാപനം ചെയ്താൽ ഏതൊക്കെ വിഭാഗം ലൈസൻസ് ഉടമകൾക്കാണ് ആയുധങ്ങൾ കൈവശം വയ്ക്കാൻ പാടില്ലാത്തതെന്ന് അറിയിക്കുമോ; ഈ കാലയളവിൽ ആയുധങ്ങൾ കൈവശം സൂക്ഷിക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | നാഷണൽ റൈഫിൾ അസോസിയേഷൻ പോലുള്ള വിവിധ തരത്തിലുള്ള സ്ഥാപങ്ങളിൽ അംഗത്വമുള്ളവർ, ലൈസൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള തോക്ക് കായിക ആവശ്യത്തിന് ഉപയോഗിക്കുന്ന കായിക താരങ്ങൾ ദേശസാൽകൃത ബാങ്കുകൾക്ക് സുരക്ഷക്കായി അനുവദിച്ചിട്ടുള്ള ആയുധങ്ങൾ തുടങ്ങി ചില വിഭാഗങ്ങൾ നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ സ്ക്രീനിംഗ് കമ്മിറ്റിയുടെ തീരുമാനം പ്രകാരം ഡെപ്പോസിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. പൊതുസുരക്ഷ, പൊതു സമാധാനം, ആയുധങ്ങൾ ഉപയോഗിച്ചുള്ള അക്രമം തടയുക എന്നിവ പരിഗണിച്ചാണ് ആയുധങ്ങൾ ഡിപ്പോസിറ്റ് ചെയ്യാൻ നിർദ്ദേശിക്കുന്നത്. |
| (എഫ്) | പോലീസ് സ്റ്റേഷനുകളിൽ ആയുധങ്ങൾ വാങ്ങി സൂക്ഷിക്കാതെ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉടമകളെ അയയ്ക്കുന്ന രീതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | Arms Rule 2016-ലെ സെക്ഷൻ 21 ഉപവകുപ്പ് (1) പ്രകാരം ഒരു പോലീസ് സ്റ്റേഷനിലോ യൂണിറ്റ് ആയുധപ്പുരയിലോ അല്ലെങ്കിൽ ഫോം VIII പ്രകാരം ലൈസൻസുള്ള ഒരു ഡീലറുടെ പക്കലോ ആയുധം സൂക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ